# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2284 — 18-12.2012 ൽ മറുപടിയ്ക്ക്

**കാർഷിക വായ്പയ്ക്ക് പലിശ സബ്സിഡി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ഡി. സതീശൻ<br>ശ്രീ.എം. എ വാഹിദ്<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ. അൻവർ സാദത്ത് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) കാർഷിക വായ്പയ്ക്ക് പലിശ സബ്സിഡി നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടു ണ്ടോ; വിശദാംശങ്ങൾ നൽകുമോ ; | (എ) ഉണ്ട്. 2011-2012 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ കൃത്യമായി കാർഷിക വായ്പ തിരിച്ചടയ്ക്കുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിനായി ഉത്തേജന പലിശ ഇളവ് പദ്ധതി പ്രഖ്യാപിക്കുകയുണ്ടായി. കൃത്യ തീയതിയിൽ തിരിച്ചടയ്ക്കുന്ന വായ്പകൾക്ക് 5% പലിശ ഇളവ് അനുവദിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. |
| (ബി) ഈ പദ്ധതിക്ക് എന്ത് തുക അനുവദിച്ചി ട്ടു ണ്ട് ; വിശദമാക്കുമോ; | (ബി) ഈ പദ്ധതിയ്ക്ക് 2011-12 സാമ്പത്തിക വർഷാവസാനം ഉപധനാഭ്യർത്ഥന മുഖേന ഒരു കോടി രൂപയും 2012-13 ലെ ഉപ ധനാഭ്യർത്ഥനയിൽ വകയിരുത്തിയ രണ്ട് കോടിയും ഉൾപ്പെടെ മൂന്ന് കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) ഇതിന്റെ പ്രയോജനങ്ങൾ ആർക്കെല്ലാ മാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | (സി) ഹ്രസ്വകാല കാർഷിക വായ്പ എടുക്കുകയും കുടിശ്ശിക വരുത്താതെ യഥാസമയം തിരിച്ചടയ്ക്കുകയും ചെയ്യുന്ന കർഷകർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്. |

സെക്ഷൻ ഓഫീസർ